# വാസ്തുവിദ്യാ ഗുരുകുലം

(കേരള സർക്കാർ സ്ഥാപനം-സാംസ്കാരിക വകുപ്പ്)

## പാരമ്പര്യ വാസ്തുവിദ്യാ ചുമർചിത്ര
## സംരക്ഷണ ഗവേഷണ കേന്ദ്രം)

ആറന്മുള

പത്തനംതിട്ട ജില്ല  കേരള - 689 533

ഫോൺ : 0468 -2319740

www.vastuvidyagurukulam.com

email:vvgurukulam@yahoo.co.in

## പ്രോസ്പെക്ടസ്

# വാസ്തുവിദ്യാ ഗുരുകുലം-ആറന്മുള

(കേരള സർക്കാർ സ്ഥാപനം-സാംസ്കാരിക വകുപ്പ്)

**പാരമ്പര്യ വാസ്തുവിദ്യാ ചുമർചിത്ര സംരക്ഷണ കേന്ദ്രം**

ആറന്മുള, പത്തനംതിട്ട ജില്ല പിൻ 689 533

ഫോൺ:0468-2319740


ഭാരതീയ വാസ്തുവിദ്യയുടെയും അനുബന്ധവിഷയങ്ങളുടെയും പ്രചരണത്തിനും സംരക്ഷണത്തിനുമായി സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിൽ ആറന്മുളയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് വാസ്തുവിദ്യാ ഗുരുകുലം.

കേരളത്തിൽ പാരമ്പര്യവാസ്തുശാസ്ത്രത്തോട് ആഭിമുഖ്യവും ശുഷ്കാന്തിയും അനുദിനം വർദ്ധിച്ചു വരികയാണല്ലോ. അഥർവവേദാന്തർഗതമായ ഈ ശാസ്ത്രത്തിന്റെ പാരമ്പര്യ പ്രൗഢിയും പൗരാണികമഹത്വവും കൃത്യമായും സത്യസന്ധമായും നിലനിർത്തേണ്ടതുണ്ട്. അന്ധവിശ്വാസ ജഡിലമെന്നും അപ്രായോഗികമെന്നും വിധി എഴുതപ്പെട്ടിരുന്ന ഭാരതീയ വാസ്തുവിദ്യയെ യുക്തി സഹവും ശാസ്ത്രീയവുമായ രീതിയിൽ ചിട്ടപ്പെടുത്തി ജനോപകാരപ്രദവും സമകാലപ്രസക്ത വുമായി പുനസൃഷ്ടിക്കുന്നതിൽ സംസ്ഥാനഗവണ്മെന്റ് പൊതുവെയും, സാംസ്കാരിക വകുപ്പ് പ്രത്യേകിച്ച് സവിശേഷമായ ശുഷ്കാന്തി കാട്ടിയിട്ടുണ്ട്. സംസ്ഥാന ഗവണ്മെന്റിന്റെ ഈ ശുഷ്കാന്തി യുടെ ഫലമായി പരിമിത കാലപരിധിക്കുള്ളിൽ വാസ്തുവിദ്യാ ഗുരുകുലം ജനമനസ്സുകളിൽ രൂഢ മൂലമായ സ്ഥാനം ആർജ്ജിച്ച് കഴിഞ്ഞിരിക്കുന്നു.

## വാസ്തുവിദ്യാ ഗുരുകുലത്തിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ

(എ) **പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ**
(മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അംഗീകൃതം)

സിവിൽ/ ആർക്കിടെക്ചർ ബിരുദധാരികൾക്കായി സംവിധാനം ചെയ്തിരിക്കുന്ന പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ കോഴ്സ്. വാസ്തുവിദ്യയുടെ ആധാര ഗ്രന്ഥങ്ങളായ മയമതം, മാനസാരം, വിശ്വകർമ്മപ്രകാശിക, ശില്പരത്നം,എന്നിവയും പ്രകരണ ഗ്രന്ഥ ങ്ങളായ മനുഷ്യാലയചന്ദ്രിക, തന്ത്രസമുച്ചയം എന്നിവയും അടിസ്ഥാനപ്പെടുത്തി ശാസ്ത്രീയമായി തയ്യാർ ചെയ്ത സിലബസിനെ ആധാരമാക്കിയുള്ള അദ്യത്തെ യൂണിവേഴ്സിറ്റി അംഗീകൃത കോഴ്സ്.

| | |
|---|---|
| കോഴ്സിന്റെ ദൈർഘ്യം | - 1 വർഷം |
| ആകെ സീറ്റ് | - 25 |
| അടിസ്ഥാന യോഗ്യത | - സിവിൽ /ആർക്കിടെക്ചർ എൻജിനിയറിംഗ് ബിരുദം |
| **അപേക്ഷാ ഫീസ്** | **- 200 രൂപ** |
| കോഴ്സ് ഫീസ് | **- 20000 രൂപ + GST** |
| അദ്ധ്യയന മാദ്ധ്യമം | - മലയാളവും ഇംഗ്ലീഷും |
| പ്രവേശനം | - പ്രവേശന പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ. |

**കോഴ്സ് നിർവഹണം**

പാഠ്യപദ്ധതിയെ വിവിധമോഡ്യൂളുകളായി തരം തിരിച്ച് ഓരോ മാസത്തിലും 8 ദിവസം ക്ലാസ്സുകൾ സംവിധാനം ചെയ്തിരിക്കുന്നു. പ്രാക്ടീസിംഗ് ആർക്കിടെക്റ്റുകൾക്കും എൻജിനിയേഴ്സിനും കൂടി ഈ കോഴ്സ് പ്രയോജനപ്പെടുന്നതിന് ഉദ്ദേശിച്ചാണ് ഇത്തരത്തിൽ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. പാഠ്യപദ്ധതിയെ ചുവടെ ചേർക്കുന്ന തരത്തിൽ 5 പേപ്പറുകളായി തിരിച്ചിരിക്കുന്നു.

| | | |
|---|---|---|
| പേപ്പർ 1 | - വാസ്തുവിദ്യാ ചരിത്രം, തത്വങ്ങൾ, പ്രമാണങ്ങൾ, അനുബന്ധവിഷയങ്ങൾ | മാർക്ക് 100 |
| പേപ്പർ 2 | - ഹർമ്മ്യഭാഗം | മാർക്ക് 100 |
| പേപ്പർ 3 | - ദേവാലയഭാഗം | മാർക്ക് 100 |
| പേപ്പർ 4 | - വാസ്തുശില്പരചനയും രൂപകല്പനയും | മാർക്ക് 100 |
| പേപ്പർ 5 | - പ്രൊജക്ട് വർക്ക് | മാർക്ക് 100 |

ഓരോ പേപ്പറിനും വിജയിക്കുന്നതിന് മിനിമം 50% മാർക്ക് നിർബന്ധമാണ്.

5 വിഷയങ്ങൾക്കും കൂടി 50%നും 60% നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ വിജയികളായും 60% നും 80% നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഫസ്റ്റ്ക്ലാസ്സോടുകൂടി വിജയിച്ചവരായും അതിനുമുകളിൽ മാർക്ക്കരസ്ഥമാക്കുന്നവരെ ഡിസ്റ്റിംഗ്ഷനോടുകൂടി വിജയിച്ചവരായും പ്രഖ്യാപിക്കുന്നതാണ്.

**(ബി) ഡിപ്ലോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ- കറസ്പോണ്ടൻസ് കോഴ്സ്**

വാസ്തുവിദ്യയെക്കുറിച്ച് സാമാന്യമെങ്കിലും കൃത്യമായ ഒരു അവബോധം സൃഷ്ടിക്കുന്നതിനും കാലികപ്രാധാന്യത്തോടുകൂടി ദേശീയതലത്തിൽ പരിചയപ്പെടുത്തുന്നതിനുമായി അംഗീകൃത സർവ്വകലാശാലാബിരുദമോ, സിവിൽ/ ആർക്കിടെക്ചർ/ ക്വാണ്ടിറ്റിസർവേയിംഗ് & കൺസ്ട്രക്ഷൻ മാനേജ്മെന്റ് എന്നിവയിൽ പോളിടെക്നിക് ഡിപ്ലോമയോ ഉള്ളവർക്കായി സംവിധാനം ചെയ്തിരിക്കുന്ന കോഴ്സ്.

| | | |
|---|---|---|
| കോഴ്സിന്റെ ദൈർഘ്യം | - | 1 വർഷം |
| ആകെ സീറ്റ് | - | 300 |
| അടിസ്ഥാന യോഗ്യത | - | ഏതെങ്കിലും അംഗീകൃത സർവ്വകലാശാലാ ബിരുദം / സിവിൽ / ആർക്കിടെക്ച്ചർ / ക്വാണ്ടിറ്റിസർവേയിംഗ് & കൺസ്ട്രക്ഷൻ മാനേജ്മെന്റ് - ൽ അംഗീകൃത പോളിടെക്നിക്ക് ഡിപ്ലോമ |
| **അപേക്ഷാ ഫീസ്** | - | **200 രൂപ** |
| കോഴ്സ് ഫീസ് | - | **15000 രൂപ + GST** |
| അദ്ധ്യയന മാദ്ധ്യമം | - | മലയാളം |

**കോഴ്സ് നിർവ്വഹണം**

പാഠ്യപദ്ധതിയെ 5 പേപ്പറുകളായി ചുവടെ ചേർക്കുന്ന തരത്തിൽ വിഭജിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| പേപ്പർ 1 | - | ചരിത്രവാസ്തു | മാർക്ക് 100 |
| പേപ്പർ 2 | - | അനുബന്ധവാസ്തു | മാർക്ക് 100 |
| പേപ്പർ 3 | - | ഗൃഹവാസ്തു | മാർക്ക് 100 |
| പേപ്പർ 4 | - | ദേവാലയവാസ്തു | മാർക്ക് 100 |
| പേപ്പർ 5 | - | പ്രായോഗികപ്രവൃത്തിപഠനം | മാർക്ക് 100 |

പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ ലളിതവും വിശദവുമായ പ്രിന്റഡ് സ്റ്റഡി മെറ്റീരിയലും റഫറൻസ് പുസ്തകങ്ങളുടെ വിശദാംശവും കാലാകാലങ്ങളിൽ വിദ്യാർത്ഥികൾക്ക് അയച്ചു നൽകുന്നതാണ്. ഓരോ പേപ്പറിനും മൂന്നു ദിവസത്തിൽ കുറയാത്ത കോണ്ടാക്ട് ക്ലാസ്സുകൾ വാസ്തുവിദ്യാ ഗുരുകുലം ഫാക്കൽറ്റി അംഗങ്ങൾ നൽകുന്നതാണ്. പാഠ്യപദ്ധതിപ്രകാരം ക്ലാസ്സുകൾ പൂർത്തിയായതിനുശേഷം ഫൈനൽ പരീക്ഷ നടത്തുന്നതാണ്.

ഓരോ പേപ്പറിനും വിജയിക്കുവാൻ 50% മാർക്ക് നിർബന്ധമാണ്. 5 വിഷയങ്ങൾക്കും കൂടി 50% നും 60% നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ വിജയിച്ചവരായും 60% നും 80%നും ഇടയിൽ മാർക്ക്കരസ്ഥമാക്കുന്നവരെ ഫസ്റ്റ്ക്ലാസ്സോടെ വിജയിച്ചതായും അതിനുമുകളിൽ മാർക്കു കരസ്ഥമാക്കുന്നവരെ ഡിസ്റ്റിംഗ്ഷനോടെ വിജയിച്ചവരായും പ്രഖ്യാപിക്കും.

**(സി) ഒരു വർഷസർട്ടിഫിക്കറ്റ് കോഴ്സ്**

വിശ്വകർമ്മ സമുദായത്തിലെ എസ്.എസ്.എൽ.സി പാസായ 30 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാർക്കായി സംവിധാനംചെയ്തിരിക്കുന്നു.

| | |
|---|---|
| കോഴ്സിന്റെ ദൈർഘ്യം | - ഒരു വർഷം |
| ആകെ സീറ്റ് | - 20 |
| **അപേക്ഷാ ഫീസ്** | **- 100 രൂപ** |
| **കോഴ്സ് ഫീസ്** | **- 5000/ രൂപ + GST** |
| അദ്ധ്യയന മാദ്ധ്യമം | - മലയാളം |
| പ്രവേശനം | - പ്രവേശന പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ |

**കോഴ്സ് നിർവഹണം**

രാവിലെ 9.30 മുതൽ 3.30 വരെയുള്ള റഗുലർ ക്ളാസ്സ്. പരീക്ഷാ വിഷയങ്ങളെ 5 ആയി തരം തിരിച്ച് ഓരോ പേപ്പറിനും 100 മാർക്ക് വീതം നൽകുന്നു.

| | | |
|---|---|---|
| പേപ്പർ 1 | - വാസ്തുവിദ്യാ ചരിത്രം, തത്വങ്ങൾ, പ്രമാണങ്ങൾ, അനുബന്ധ വിഷയങ്ങൾ | മാർക്ക് 100 |
| പേപ്പർ 2 | - ഹർമ്മ്യഭാഗം | മാർക്ക് 100 |
| പേപ്പർ 3 | - ദേവാലയഭാഗം | മാർക്ക് 100 |
| പേപ്പർ 4 | - വാസ്തുശില്പ രചനയും രൂപകല്പനയും | മാർക്ക് 100 |
| പേപ്പർ 5 | - കേസ് സ്റ്റഡി | മാർക്ക് 100 |

ഓരോ പേപ്പറിനും വിജയിക്കുവാൻ 50% മാർക്ക് നിർബന്ധമാണ്. 5 വിഷയങ്ങൾക്കും കൂടി 50% നും 60% നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ വിജയിച്ചവരായും 60% നും 80%നും ഇടയിൽ മാർക്ക്കരസ്ഥമാക്കുന്നവരെ ഫസ്റ്റ് ക്ളാസ്സോടെ വിജയിച്ചവരായും അതിനുമുകളിൽ മാർക്കു കരസ്ഥമാക്കുന്നവരെ ഡിസ്റ്റിംഗ്ഷനോടെ വിജയിച്ചവരായും പ്രഖ്യാപിക്കും.

**(ഡി) ദ്വിവത്സര ചുമർചിത്ര രചനാ കോഴ്സ്**

സ്വാഭാവിക ചായക്കൂട്ടുകളുടെ നിർമ്മാണം മുതൽ സങ്കീർണ്ണമായ ചിത്രരചന വരെ പ്രതിപാദിക്കുന്ന കോഴ്സ്. എസ്.എസ്.എൽ.സി പാസായ, 25 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാർക്കായി സംവിധാനം ചെയ്തിരിക്കുന്നു.

| | | |
|---|---|---|
| കോഴ്സിന്റെ ദൈർഘ്യം | - | 2 വർഷം |
| ആകെ സീറ്റ് | - | 5 |
| അടിസ്ഥാന യോഗ്യത | - | എസ് എസ് എൽ സി |
| അപേക്ഷാ ഫീസ് | - | 50 രൂപ |
| കോഴ്സ് ഫീസ് | - | 3000 രൂപ |
| അദ്ധ്യയന മാദ്ധ്യമം | - | മലയാളം |

രാവിലെ 9.30 മുതൽ 3.30 വരെയുള്ള റഗുലർ ക്ളാസ്സ്. പരീക്ഷാ വിഷയങ്ങളെ 5 ആയി തരം തിരിച്ചിരിക്കുന്നു.

| | | |
|---|---|---|
| പേപ്പർ 1 | - ഡ്രോയിംഗ് | മാർക്ക് 100 |
| പേപ്പർ 2 | - ഡിസൈൻ പെയിന്റിംഗ് | മാർക്ക് 150 |
| പേപ്പർ 3 | - സ്വാഭാവിക ചായക്കൂട്ടുകൾ ഉപയോഗിച്ചുള്ള പെയിന്റിംഗ് | മാർക്ക് 200 |
| പേപ്പർ 4 | - തിയറി | മാർക്ക് 50 |
| പേപ്പർ 5 | - പ്രൊജക്ട് വർക്ക് | മാർക്ക് 100 |

ഓരോ പേപ്പറിനും വിജയിക്കുവാൻ 50% മാർക്ക് നിർബന്ധമാണ്. 5 വിഷയങ്ങൾക്കും കൂടി 50% നും 60% നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ വിജയിച്ചവരായും 60% നും 80%നും ഇടയിൽ മാർക്ക്കരസ്ഥമാക്കുന്നവരെ ഫസ്റ്റ് ക്ളാസ്സോടെ വിജയിച്ചവരായും അതിനുമുകളിൽ മാർക്കു കരസ്ഥമാക്കുന്നവരെ ഡിസ്റ്റിംഗ്ഷനോടെ വിജയിച്ചവരായും പ്രഖ്യാപിക്കും.

**മേൽപ്പറഞ്ഞ കോഴ്സുകളിൽ പരാജിതരാകുന്നവർ വീണ്ടും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് ഓരോ പേപ്പറിനും 100 രൂപ പരീക്ഷാ ഫീസായി അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.**

**(ഇ) ചുമർചിത്രരചനയിൽ ഹ്രസ്വകാലകോഴ്സ്.**

ചുമർചിത്രകലയിൽ താത്പര്യമുള്ള, 17 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് പരിശീലനം ലഭിക്കുന്നതിനായി ഉയർന്ന പ്രായപരിധിയില്ലാതെ ഹ്രസ്വകാലമ്യൂറൽ പെയിന്റിംഗ് കോഴ്സ്.

| | |
|---|---|
| കോഴ്സിന്റെ ദൈർഘ്യം | - 100 സാധ്യായ ദിവസങ്ങളിലെ ക്ളാസ്സ് |
| ആകെ സീറ്റുകൾ | - 25 |
| **അപേക്ഷാ ഫീസ്** | **- 200/** |
| **കോഴ്സ് ഫീസ്** | **- 15000/രൂപ + GST** |
| പരീക്ഷാഫീസ് | - 500/രൂപ |
| അദ്ധ്യയനമാധ്യമം | - മലയാളം/ഇംഗ്ളീഷ്. |
| പ്രവേശനം | - അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ. |

കോഴ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് പഠനയാത്രയും റിപ്പോർട്ടും. അവസാനവർഷ പരീക്ഷയിൽ പങ്കെടുത്ത് യോഗ്യത തെളിയിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

പരീക്ഷാ വിഷയങ്ങളെ അഞ്ചു പേപ്പറുകളായി തിരിച്ചിരിക്കുന്നു.

| | |
|---|---|
| പേപ്പർ 1 - സ്വാഭാവിക ചായക്കൂട്ടുകൾ ഉപയോഗിച്ചുള്ള രചന | - മാർക്ക് 200 |
| പേപ്പർ 11 - ഡിസൈൻ പെയിന്റിംഗ്(ജലച്ഛായം) | - മാർക്ക് 100 |
| പേപ്പർ 111 - ഫിഗർ പെയിന്റിംഗ്(ജലച്ഛായം) | - മാർക്ക് 100 |
| പേപ്പർ 1V - പെൻസിൽ ഡ്രായിംഗ് | - മാർക്ക് 50 |
| പേപ്പർ V - തിയറി | - മാർക്ക് 50 |

ഓരോ പേപ്പറിനും വിജയിക്കുന്നതിന് 50% മാർക്ക് നിർബന്ധമാണ്.

**പരീക്ഷയിൽ പരാജിതരാകുന്നവർ വീണ്ടും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് 1000/രൂപ പരീക്ഷാ ഫീസായി അടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.**

**പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി : 25.04.2018**